പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3587 08.11.2019-ലെ മറുപടിക്ക്

## തൊടുപുഴ ഡിപ്പോയുടെ പുതിയ മന്ദിരം

| ചോദ്യം<br>ശ്രീ.പി.ജെ.ജോസഫ് | | മറുപടി<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ തൊടുപുഴ ഡിപ്പോ എന്നു മുതൽ പുതിയ മന്ദിരത്തിലേയ്ക്ക് മാറ്റി പ്രവർത്തനം ആരംഭിക്കുമെന്ന് അറിയിക്കാമോ; | (എ) | തൊടുപുഴ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ സിവിൽ പണികൾ ഏകദേശം പൂർത്തിയായി. അഗ്നിസുരക്ഷാ സംവിധാനം, വൈദ്യുതീകരണം എന്നിവയുടെ പാർട്ട് പേയ്മെന്റ് കൊടുക്കുവാൻ കഴിയാത്തതിനാൽ ടി പണികൾ മുടങ്ങി കിടക്കുകയാണ്. കെട്ടിടത്തിന്റെ ലിഫ്റ്റ് സ്ഥാപിക്കൽ ഉൾപ്പെടെയുള്ള ഫിനിഷിംഗ് പണികളും ഇനി പൂർത്തിയാക്കേണ്ടതുണ്ട്. സാമ്പത്തിക ബുദ്ധിമുട്ടുകാരണം കെ.എസ്.ആർ.ടി.സി.യുടെ സ്വന്തം ഫണ്ടിൽ നിന്നും ഇതിനുള്ള തുക കണ്ടെത്താൻ സാധിക്കാത്തതിനാൽ ലേലം നടത്തി പലിശ രഹിത ഡെപ്പോസിറ്റ് സ്വീകരിച്ച് ഫണ്ട് കണ്ടെത്തി ബാക്കിയുള്ള പണികൾ പൂർത്തിയാക്കുവാനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് 2020-21 പ്ലാൻ ഫണ്ട് പ്രൊപ്പോസലിൽ ഉൾപ്പെടുത്തി അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത മന്ദിരത്തിലെ കടമുറികൾ ലേലം ചെയ്ത വകയിൽ എത്ര തുക കെ.എസ്.ആർ.ടി.സി.യ്ക്ക് ലഭിച്ചുവെന്ന് വെളിപ്പെടുത്താമോ; | (ബി) | കടമുറികൾ ലേലം ചെയ്ത വകയിൽ 91,65,002/- രൂപ ലഭിച്ചു. |
| (സി) | ഈ തുക ഏതൊക്കെ പ്രവൃത്തികൾക്കാണ് ചെലവഴിച്ചത് എന്നറിയിക്കാമോ; | (സി) | ഈ തുക തൊടുപുഴ ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തന്നെ വിനിയോഗിക്കുന്നു. |
| (ഡി) | അവശേഷിക്കുന്ന കടമുറികൾ ലേലം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.<br>(ലേലം / ടെണ്ടർ തീയതി 15-11-2019). |

സെക്ഷൻ ഓഫീസർ